കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

ഇ-മെയിൽ – dopkd.ksad@kerala.gov.in
Phone – 04912520145

www.http://ksad.kerala.gov.in/

# വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

നം.കെ.എസ്.എ-പികെഡി16/1517/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 16.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/

തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി16/1517/2019 തീയതി – 16.01.2020

## പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 27-01-2019 മുതൽ 19-10-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-10-19 മുതൽ 30-10-19 വരെ |
| ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.വി.രാജൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എൻ.നന്ദവിലാസിനി | 1-4-18 മുതൽ 31-3-19 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. പ്രദീപ് ടി.ജി<br>ശ്രീ.ടി.എൽ അജിത് പ്രസാദ് | 1-4-18 മുതൽ 21-6-18 വരെ<br>22-6-18 മുതൽ 31-3-19വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | തനൂജ ടി.ടി | 1-4-17 മുതൽ 13-5-18വരെ |
| | ദീപ യു.വി | 14-5-18 മുതൽ 31-3-19 വരെ |
| വി.ഇ.ഒ | ദീപക് കെ.പി<br>ശൈലേഷ് കുമാർ എം | 1-4-17 മുതൽ 21-1-19 വരെ<br>22-1-19 മുതൽ 31-3-19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | കെ.ജയശ്രീ | 1-4-18 മുതൽ 31-3-19 വരെ |
| അസി.എഞ്ചിനീയർ | രേഷ്മ ആർ | 1-4-18 മുതൽ 5-3-19 വരെ |
| | വിഷ്ണ വി.എസ് | 6-3-19 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.സൗമ്യ | 1-4-18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.ശ്രീഹരി മേനോൻ | 1-4-18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.സുമയ്യ | 1-4-18 മുതൽ 31-3-19 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ഇ.ബാലൻ | 1-4-18 മുതൽ 31-3-19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | ടി.കെ.പ്രസന്ന | 1-4-18 മുതൽ 31-3-19 വരെ |
| ഹെഡ് മിസ്ട്രസ് | ടി.കെ.പ്രേമ | 1-4-18 മുതൽ 31-3-19 വരെ |
| അസി.സെക്രട്ടറി | സി.എൻ ശ്രീദേവി<br>സേതു കെ.ആർ<br>ഹേമലത സി | 1-4-18 മുതൽ 25-6-18 വരെ<br>26-6-18 മുതൽ 8-10-18 വരെ<br>9-10-18 മുതൽ 31-3-19 വരെ |

<u>ഉള്ളടക്കം</u>

ഭാഗം 1

# ഓഡിറ്റ് റിപ്പോർട്ട്

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷികകണക്കുകളിലെ അപാകതകൾ | 1-10 |
| 11 | രശീത് പുസ്തകങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച | 1-11 |
| 12 | കടമുറികൾവാടകക്ക് നൽകൽ -ചട്ടങ്ങൾ പാലിക്കുന്നില്ല | 1-12 |
| 13 | തൊഴിൽ നികുതി - കുറവ് ഈടാക്കണം | 1-13 |
| 14 | തൊഴിൽ നികുതി വരവ് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കണം | 1-14 |
| 15 | കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം | 1-15 |
| 16 | വ്യപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് ഉറപ്പാക്കണം | 1-16 |
| 17 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല. | 1-17 |
| 18 | കുറ്റിക്കരപാലം പുനർനിർമ്മാണം-പദ്ധതി രൂപീകരണത്തിലെ പാളിച്ചമൂലം ഭാഗികമായി മാത്രം ഉപയോഗപ്രദമായിരിക്കുന്നു. | 1-18 |
| 19 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ഈടാക്കിയ വരുമാനനികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 20 | പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും - അവലോകനം | 1-20 |
| 21 | മരാമത്ത് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല,ചെലവുതുക തടസ്സത്തിൽവെയ്ക്കുന്നു | 1-21 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം-കുറഞ്ഞ വില നിരക്ക് സ്വീകരിക്കാത്തത് കാരണം- പൊതു ഫണ്ടിന് നഷ്ടം | 1-22 |
| 23 | ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല. | 1-23 |
| 24 | അടിസ്ഥാന സൗകര്യങ്ങളുടെ ഗുണമേന്മ വർധിപ്പിക്കാൻ നടപടി സ്വീകരിക്കണം | 1-24 |

| | | |
|---|---|---|
| 25 | ആശ്രയ പദ്ധതി- തുക ചെലവഴിച്ചിട്ടില്ല- വിശദീകരണം സമർപ്പിക്കാണ്ടതാണ് | 1-25 |
| 26 | മരുന്നുകൾ വാങ്ങൽ - ക്രമപ്രകാരമല്ല | 1-26 |
| 27 | സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകൾ- രേഖകൾ ഹാജരാക്കിയില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-27 |
| 28 | ഹോമിയോ മരുന്നുകൾ ലഭിച്ചിട്ടില്ല | 1-28 |
| 29 | അസാധാരണച്ചെലവ് രജിസ്റ്റർ പരിപാലിക്കണം | 1-29 |
| 30 | പദ്ധതി നിർവഹണത്തിനു വേണ്ടി വിവിധ ഏജൻസികൾക്ക് കൈമാറിയ തുക- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം | 1-30 |
| 31 | കുടിവെള്ള പദ്ധതികൾ - ഉണഭോക്താക്കൾക്ക് കൈമാറിയത് സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കണം | 1-31 |

## ഭാഗം-II

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഒന്നുമില്ല

ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഒന്നുമില്ല

ഭാഗം-IV

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. വാർഷിക കണക്കുകളുടെ പരിശോധനാ സാക്ഷ്യപത്രം
2. ഓഡിറ്റ് ചെയ്ത വരവ്-ചെലവ് പത്രികകളുടെ സംക്ഷിപ്തം

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 07/03/2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല. ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രതീക്ഷിത വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|

| | | |
|---|---|---|
| 151813760 | 149849992 | 1963768 |

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 29-6-19 | ----- | ----- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7680799 |
| വരവ് | 68866516 |
| ആകെ | 76547315 |
| ചെലവ് | 64877343 |
| നീക്കിയിരിപ്പ് | 11669972 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 14894000 | 14894000 | 14762461 | 131539 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 7093000 | 7093000 | 6445004 | 647996 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 58000 | 58000 | 0 | 58000 |
| മെയിന്റനൻസ്,ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 7841000 | 7841000 | 6426262 | 1414738 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 3087000 | 3087000 | 2324261 | 762739 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8792093 | 8792093 | 6913000 | 1879093 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 0 | 1985125 | 1985125 | 0 | 1985125 |
| BRGF | | 22580 | --- | 22580 | --- | 22580 |
| ICDS | | 917784 | 716138 | 1633922 | 1099178 | 534744 |
| സാക്ഷരത | | 35615 | 102 | 35717 | 35717 | 0 |
| ദുരിതാശ്വാസനിധി | | 0 | 18273 | 18273 | 224 | 18049 |
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 9262683 | 9262683 | 9262683 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9065.25 | 423970 | 433035.25 | 426058 | 6977.25 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2419481 | 2419481 | 2037500 | 381981 |
| | ജില്ലാ പഞ്ചായത്ത് | 0 | 1114931 | 1114931 | 1111200 | 3731 |
| ബി ഫണ്ട് | | 0 | 109320 | 109320 | 109320 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് +തനത് ഫണ്ട്(TSB) | | 3706677 | 11216662 | 14923339 | 8525215 | 6398124 |
| തനത് ഫണ്ട് - ബാങ്ക് (SBI) | | 3035998 | 15797701 | 18833699 | 16833019 | 2000680 |
| തനത് ഫണ്ട് - ബാങ്ക് (VSCB) | | 97239 | 4457 | 101696 | 25 | 101671 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 226 | 104651066 | 156 | 50896900 | nil | 70 | 69.02 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 13 | 4478400 | 4126900 | 92.15 |
| വി.ഇ.ഒ | 11 | 8 | 41429000 | 10825000 | 26.12 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17 | 16 | 6363026 | 5008150 | 78.70 |
| സെക്രട്ടറി | 17 | 16 | 6680010 | 3902156 | 58.14 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 147 | 82 | 38610094 | 21553173 | 55.82 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 6 | 1068000 | 882235 | 82.60 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 953310 | 953310 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 375000 | 375000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 400000 | 80 |
| അസി.സെക്രട്ടറി | 4 | 4 | 1602500 | 1381250 | 86.19 |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 2521000 | 1419000 | 56.28 |
| ഹെഡ്മിസ്ട്രസ് | 1 | 1 | 70726 | 70726 | 100 |
| ആകെ | 226 | 156 | 104651066 | 50896900 | 48.63 |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49320 | 38 |
| കർഷക തൊഴിലാളി പെൻഷൻ | 768800 | 122 |
| വിധവാ പെൻഷൻ | 4601600 | 76 |
| വാർദ്ധക്യകാല പെൻഷൻ | 7662900 | 164 |
| വികലാംഗ പെൻഷൻ | 1367600 | 61 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 317200 | 3 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-10-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2893/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-8 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

1. ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.
2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.
3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.
4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കിയിട്ടില്ല.

7. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, ഗ്രാമസഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമസഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമസഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമസഭ കോ-ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ലോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ഒന്നിച്ച് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി മോണിറ്ററിംഗ് നടന്നതിന്റെ രേഖകൾ ലഭ്യമല്ല

8. എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതര മായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 24-09-19 | August 2019 | 24-09-19 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-7-2009 മുതൽ 3-8-2009 വരെ | 2004-05 മുതൽ 2008-09 വരെ | LBA(HQ)/iv/8A -1451/17തി.26-8-2009 | ഇല്ല |

# 1-10 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ--പ്രത്യേക പരാമർശമില്ല

# 1-11 രശീത് പുസ്തകങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച

2018-19 വർഷം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റിന് താഴെ പറയുന്ന മാന്വൽ രശീത് പുസ്തകങ്ങൾ പണം പിരിവിനായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബുക്ക് നം | നൽകിയ തീയതി |
|---|---|---|
| 1 | 19086 | 5.3.19 |
| 2 | 19093 | 16.3.19 |
| 3 | 19098 | 23.3.19 |
| 3 | 19100 | 26.3.19 |

സർക്കാർ ഉത്തരവ് (ആർ.ടി) 1699/2017/ത.സ്വ.ഭ.വ തീയതി 24.5.17 പ്രകാരം പ്രാബല്യത്തിൽ വന്ന "ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവർമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് " ഖണ്ഡിക 6.5.11 അനുസരിച്ച് ഓഫീസ് അറ്റൻഡന്റിനെ രശീത് പുസ്തകങ്ങൾ ഉപയോഗിച്ച് നികുതി / പണം പിരിക്കുന്നതിന് ചുമതലപ്പെടുത്തുവാൻ കഴിയില്ല. ഓഫീസ് അറ്റൻഡന്റിനെ രശീത് പുസ്തകങ്ങൾ ഉപയോഗിച്ച് നികുതി / പണം പിരിക്കുന്നതിനും, കൈകാര്യം ചെയ്യുന്നതിനും ചുമതലപ്പെടുത്തിയത് മേൽനോട്ട ചുമതലയുള്ള കാഷ്യർ, അക്കൗണ്ടന്റ്, ഹെഡ് ക്ലർക്ക്, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവരുടെ വീഴ്ചയാണ്. ഭാവിയിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവർമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയിലെ വ്യവസ്ഥകൾ / നിബന്ധനകൾ രശീത് പുസ്തകങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

# 1-12 കടമുറികൾ വാടകയ്ക്ക് നൽകൽ

# -ചട്ടങ്ങൾ പാലിക്കുന്നില്ല

ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 2.6.17 ലെ ഉത്തരവ് നം സി5-22144/17 പ്രകാരം ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളും മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇത് അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ കെ.ടി.മുഹമ്മദ് സ്മാരക ഷോപ്പിംഗ് കോംപ്ലക്സിലെ 13 കടമുറികൾ 30-10-2017 ന് പരസ്യലേലം നടത്തുകയും താഴെ പറയുന്നവർക്ക് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) 1.4.2018 മുതൽ 31.3.2019 വരെയുള്ള കാലയളവിലേക്ക് 12 കടമുറികൾ, 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 2.6.17 ലെ ഉത്തരവ് നം സി5-22144/17 പ്രകാരം ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളും മുറികളും വാടകക്ക് നൽകുന്നതിനുള്ള ബൈലോ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ പഞ്ചായത്തുമായി കരാർ ചമയ്ക്കാതെയാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. 1.4.2018 മുതൽ 31.3.2019 വരെയുള്ള കാലയളവിൽ കരാർ ചമയ്ക്കാതെ കെ.ടി.മുഹമ്മദ് സ്മാരക ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ കാണിക്കുന്ന കടമുറികളാണ് വാടകയ്ക്ക് നൽകിയത്.

| ക്രമ നം | കടമുറി നം | വിസ്തീർണം (Sq.Ft.) | ലൈസൻസിയുടെ പേര് | പ്രതി മാസ വാടക | ഡിപ്പോസിറ്റ് | ലേല തീയതി | കടമുറി ഏറ്റെടുത്ത തീയതി |
|---|---|---|---|---|---|---|---|
| 1 | 336B | 160 | അഷറഫ് അലി | 13000 | 5ലക്ഷം | 30.10.17 | 1.5.2018 |
| 2 | 336C | 160 | അഷറഫ് അലി | 18500 | 5ലക്ഷം | 30.10.17 | 1.5.2018 |
| 3 | 336D | 155 | അഫീഫ് റഹ്മാൻ | 10200 | 5ലക്ഷം | 30.10.17 | 1.5.2018 |
| 4 | 336E | 155 | യൂസഫ് | 9000 | 5ലക്ഷം | 30.10.17 | 1.5.2018 |
| 5 | 336F | 160 | മൈമൂന | 6000 | 5ലക്ഷം | 30.10.17 | 1.5.2018 |
| 6 | 336H | 155 | മുഹമ്മദ് ഷംസീർ | 9000 | 5ലക്ഷം | 30.10.17 | 1.5.2018 |
| 7 | 336I | 155 | കോയമുക്കുട്ടി | 8000 | 3ലക്ഷം | 30.10.17 | 1.5.2018 |
| 8 | 336J | 160 | അബ്ദുൾ ജമാൽ | 5100 | 3ലക്ഷം | 30.10.17 | 1.5.2018 |
| 9 | 336K | 160 | അബ്ദുൾ ജമാൽ | 5100 | 3ലക്ഷം | 30.10.17 | 1.5.2018 |
| 10 | 336L | 155 | ഒഴിവ് | | | | |
| 11 | 336N | 160 | മുഹമ്മദ് ഹംസ | 5100 | 3ലക്ഷം | 30.10.17 | 1.5.2018 |
| 12 | 336P | 155 | മുഹമ്മദ് ഹംസ | 5200 | 3ലക്ഷം | 30.10.17 | 1.5.2018 |
| 13 | 336Q | 155 | അഫീഫ് റഹ്മാൻ | 6100 | 3ലക്ഷം | 30.10.17 | 1.5.2018 |

മേൽനോട്ട ചുമതലയുള്ളവരുടെ ജാഗ്രത കുറവിനെ തുടർന്ന്, ലൈസൻസികളുമായി കരാർ ചമക്കാത്തതു മൂലം ഈ കാലയളവിൽ കെട്ടിടത്തിനുണ്ടായ കേടുപാടുകൾ, വാടക/ കുടിശ്ശിക/പിഴ അടവാക്കുന്നതിലുള്ള വീഴ്ച എന്നിവക്ക് നഷ്ടം ഈടാക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്. വാടകക്കാരുമായി യഥാസമയം കരാർ പത്രം ചമയ്ക്കാത്തതുമൂലം നിയമ

വ്യവഹാരങ്ങളിൽ ലഭിക്കേണ്ട സംരക്ഷണം കിട്ടാതെ വരുന്ന നിലയിലുമാണ്.
സംസ്ഥാന സർക്കാരിന് മുദ്രപത്ര ഇനത്തിൽ ലഭിക്കേണ്ട മൂല്യമായ 2400 (12x200) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ നഷ്ടം ലൈസൻസികളിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തേണ്ടതാണ്.

2)ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 2.6.17 ലെ ഉത്തരവ് നം സി5-22144/17 പ്രകാരം ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളും മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോയിലെ 29-ാം നമ്പർ നിബന്ധന പ്രകാരം ലേലക്കാരൻ കട മുറി ഒഴിയുന്നതിന് മുൻകൂറായി രേഖാമൂലം ആവശ്യപ്പെട്ടാൽ ലേല കാലാവധി തീരും മുമ്പേ തന്നെ അയാളുടെ നിരതദ്രവ്യവും മൂൻകൂർ വാടകയും പിഴയായി വസൂലാക്കിക്കൊണ്ട് അയാളെ ഒഴിവാക്കി മുറി തിരിച്ചു വാങ്ങുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. താഴെ പറയുന്ന ലൈസൻസികൾ 2018-19 സാമ്പത്തിക വർഷത്തെ ലൈസൻസ് കാലാവധിയായ 2019 മാർച്ച് 31 ന മുമ്പ് കടമുറികൾ ഒഴിയുന്നതിന് രേഖാമൂലം അപേക്ഷകൾ നൽകിയതിനെ തുടർന്ന് അനുവാദം നൽകിയിരുന്നു. എന്നാൽ ഇവരിൽ നിന്നും ബൈലോയിലെ 29-ാം നമ്പർ വ്യവസ്ഥ അനുസരിച്ച് നിരതദ്രവ്യവും മൂൻകൂർ വാടകയും പിഴയായി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ)ഷോപ്പിംഗ് കോംപ്ലക്സിലെ 4/336ബി, 4/336 സി എന്നീ കടമുറികളിലെ ലൈസൻസിയായ ശ്രീ. അഷറഫ് അലി 10. 10.18 ന് കടമുറികൾ ഒഴിയുന്നതിന് നൽകിയ അപേക്ഷയെ തുടർന്ന് 4.12.2018 ലെ ഭരണ സമിതി തീരുമാനം നം 2(3) പ്രകാരം 5/18 മുതൽ 11/18 വരെയുള്ള വാടക ഈടാക്കി ഡെപ്പോസിറ്റ് / അഡ്വാൻസിൽ നിന്നും ശേഷിക്കുന്ന തുക തിരികെ നൽകുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

| 336B | അടവാക്കേണ്ട തുക | കളക്ഷൻ | |
|---|---|---|---|
| വാടക 5/18 to 11/18 ( 7X13000) | 91000.00 | Advance Rent - Adjusted | 39000.00 |
| GST 7*2340 | 16380.00 | Deposit Adjusted | 62660.00 |
| EMD(FINE) | 25000.00 | GST adjusted | 7020.00 |
| Advance Rent(3X13000) (FINE) | 39000.00 | | |
| Penal interest | 1300.00 | | |
| total | 172680.00 | | 108680.00 |

കുറവുകൾക്ക് ശേഷം ഡെപ്പോസിറ്റ് തുക 437440 രൂപ 7.12.18 ന് തിരിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ബൈലോയിലെ വ്യവസ്ഥ പ്രകാരം 64000.00 രൂപ കൂടി ഈടാക്കേണ്ടിയിരുന്നു.

| 336C | അടവാക്കേണ്ട | കളക്ഷൻ |
|---|---|---|

| | തുക | | |
|---|---|---|---|
| വാടക 5/18 to 11/18( 7X18500) | 129500.00 | Advance Rent - Adjusted | 55500.00 |
| GST(7X3330) | 23310.00 | Deposit Adjusted | 89170.00 |
| EMD(FINE) | 25000.00 | Gst adjusted | 9990.00 |
| Advance Rent(3X13000) (FINE) | 55500.00 | | |
| Penal interest | 1850.00 | | |
| total | 235160.00 | | 154660.00 |

കുറവുകൾക്ക് ശേഷം ഡെപ്പോസിറ്റ് തുക 410830 രൂപ 7.12.18 ന് തിരിച്ച നൽകിയിട്ടുണ്ട്. എന്നാൽ ബൈലോയിലെ വ്യവസ്ഥ പ്രകാരം 80500.00 രൂപ കൂടി ഈടാക്കേണ്ടിയിരുന്നു.

ബി)ഷോപ്പിംഗ് കോംപ്ലക്സിലെ 4/336 ഡി, 4/336 ക്യൂ എന്നീ കടമുറികളിലെ ലൈസൻസിയായ ശ്രീ.അഫീഫ് റഹ്മാൻ 3.12.18 ന് കടമുറികൾ ഒഴിയുന്നതിന് നൽകിയ അപേക്ഷയെ തുടർന്ന് 21.1.19ലെ ഭരണ സമിതി തീരുമാനം നം 6(1) പ്രകാരം 7/18 മുതൽ 1/19 വരെയുള്ള വാടക ഈടാക്കി ഡെപ്പോസിറ്റ് / അഡ്വാൻസിൽ നിന്നും ശേഷിക്കുന്ന തുക തിരികെ നൽകുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

| 4/336 D | അടവാക്കേണ്ട തുക | കളക്ഷൻ | |
|---|---|---|---|
| വാടക 5/18 to 1/19(9X10200) | 91800.00 | Advance Rent - Adjusted | 30600.00 |
| GST(9x1836) | 16524.00 | Deposit Adjusted | 53856.00 |
| EMD(FINE) | 25000.00 | GST Adjusted | 5508.00 |
| Advance Rent(3X13000) (FINE) | 30600.00 | Rent paid | 20400.00 |
| Penal interest | 5712.00 | Gst paid | 3672.00 |
| Total | 169636.00 | | 114036.00 |

കുറവുകൾക്ക് ശേഷം ഡെപ്പോസിറ്റ് തുക 446144 രൂപ 21.1.19 ന് തിരിച്ച നൽകിയിട്ടുണ്ട്. എന്നാൽ ബൈലോയിലെ വ്യവസ്ഥ പ്രകാരം 55600.00 രൂപ കൂടി ഈടാക്കേണ്ടിയിരുന്നു.

| 4/336 Q | അടവാ | കളക്ഷൻ |
|---|---|---|

| | ക്കേണ്ട തുക | | |
|---|---|---|---|
| വാടക 5/18 to 1/19(9X6100) | 54900.00 | Advance Rent -Adjusted | 18300.00 |
| GST(9x1098) | 9882.00 | Deposit Adjusted | 32208.00 |
| EMD(FINE) | 25000.00 | GST Adjusted | 3294.00 |
| Advance Rent(3X13000) (FINE) | 18300.00 | Rent paid | 12200.00 |
| Penal interest | 3416.00 | Gst paid | 2196.00 |
| Fine | 183.00 | Fine paid | 183.00 |
| total | 111681.00 | | 68381.00 |

കുറവുകൾക്ക് ശേഷം ഡെപ്പോസിറ്റ് തുക 267792 രൂപ 21.1.19 ന് തിരിച്ച നൽകിയിട്ടുണ്ട്. എന്നാൽ ബൈലോയിലെ വ്യവസ്ഥ പ്രകാരം 43300.00 രൂപ കൂടി ഈടാക്കേണ്ടിരുന്നു.

സി)ഷോപ്പിംഗ് കോംപ്ലക്സിലെ 4/336ഇ എന്നീ കടമുറിയിലെ ലൈസൻസിയായ ശ്രീ.യൂസഫ് 5.11.18 ന് കടമുറികൾ ഒഴിയുന്നതിന് നൽകിയ അപേക്ഷയെ തുടർന്ന് 21.1.19ലെ ഭരണ സമിതി തീരുമാനം നം 6(1) പ്രകാരം 7/18 മുതൽ 1/19 വരെയുള്ള വാടക ഈടാക്കി ഡെപ്പോസിറ്റ് / അഡ്വാൻസിൽ നിന്നും ശേഷിക്കുന്ന തുക തിരികെ നൽകുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| 4/336ഇ | അടവാക്കേണ്ട തുക | കളക്ഷൻ | |
|---|---|---|---|
| വാടക 5/18 to 11/18( 7X9000) | 63000.00 | Advance Rent -Adjusted | 27000.00 |
| GST(7X1620) | 11340.00 | Deposit Adjusted | 43380.00 |
| EMD(FINE) | 25000.00 | Gst adjusted | 4860.00 |
| Advance Rent (3X13000)(FINE) | 27000.00 | | |
| Penal interest | 900.00 | | |
| Total | 127240.00 | | 75240.00 |

കുറവുകൾക്ക് ശേഷം ഡെപ്പോസിറ്റ് തുക 456620 രൂപ 10.12.18 ന് തിരിച്ച നൽകിയിട്ടുണ്ട്. എന്നാൽ ബൈലോയിലെ വ്യവസ്ഥ പ്രകാരം 52000.00 രൂപ കൂടി ഈടാക്കേണ്ടിയിരുന്നു.

മേൽ ലൈസൻസികളിൽ നിന്നും പിഴ ഈടാക്കാതിരുന്നത് പഞ്ചായത്ത് അധികൃതരുടെ വീഴ്ചയാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് “ പുതിയതായി പണി

കഴിപ്പിച്ച ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സിലെ എല്ലാ മുറികളും പണി തീരാത്ത അവസ്ഥയിലായിരുന്നു. 2017 നവംബറിൽ തന്നെ കടമുറികൾ ലേലം ചെയ്ത് നൽകിയെങ്കിലും മുറികൾ ലേലത്തിൽ എടുത്തവരുമായുള്ള കരാറുകൾ 31/03/2018 ന് അവസാനിച്ചതിനെ തുടർന്ന് കരാർ പുതുക്കുന്നതിന് എല്ലാ വാടകക്കാർക്കും നോട്ടീസ് നൽകിയിരുന്നു. കറന്റ് കണക്ഷൻ, ഷട്ടർ, റൂമുകളുടെ ഇടച്ചുമരുകൾ ഇവ ഒന്നും ഇല്ലാതെ കച്ചവടം ആരംഭിക്കാൻ കഴിയാത്ത അവസ്ഥയാണെന്ന് വാടകക്കാർ അറിയിച്ചു. പണികൾ പൂർത്തീകരിച്ച് താക്കോൽ കൈമാറിയാൽ മാത്രമെ കരാർ പുതുക്കി വാടക നൽകുകയുള്ളൂ എന്ന നിലപാടാണ് ഭൂരിഭാഗം വാടകക്കാരും സ്വീകരിച്ചത്. ഈ സാഹചര്യം കണക്കിലെടുത്ത് കടമുറികളുടെ വാടക വൈദ്യുതി കണക്ഷൻ ലഭിക്കുന്നത് മുതൽ ഈടാക്കിയാൽ മതിയെന്ന് പഞ്ചായത്ത് ഭരണസമിതി 27/03/2018 ലെ 4(1) നമ്പർ പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ കടമുറി കരാർ എടുത്തവർ വാടക അടവാക്കാനോ കരാർ പുതുക്കാനോ തയ്യാറായിരുന്നില്ല. ഇങ്ങനെയുള്ള സാഹചര്യത്തിൽ കടമുറികളിൽ ഷട്ടർ ഘടിപ്പിക്കൽ, കറൻറ് കണക്ഷൻ എടുക്കൽ, ഇടച്ചുമർ നിർമ്മാണം എന്നിവയൊക്കെ എത്രയും പെട്ടെന്ന് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരികെ ഏതാനും വാടകക്കാർ തങ്ങൾ നൽകിയ ഡെപ്പോസിറ്റ് സംഖ്യയും അഡ്വാൻസും തിരികെ ആവശ്യപ്പെട്ടു. ആയത് പരിഗണിച്ച പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനങ്ങളിൽ കടമുറികളുടെ താക്കോൽ കൈമാറാൻ കഴിയാത്തതിനാൽ 2018 മെയ് മുതൽ ഭരണ സമിതി തീരുമാനം എടുത്ത മാസം വരെയുള്ള വാടക ഈടാക്കി ശേഷിക്കുന്ന തുക തിരികെ നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയായിരുന്നു. ഈ സാഹചര്യത്തിൽ ബൈലാ അനുശാസിക്കുന്ന വിധത്തിലുള്ള നിരത ദ്രവ്യം അവരിൽനിന്ന് ഈടാക്കുന്നത് 2018-19 വർഷത്തേക്കുള്ള വാടക കരാർ ഇല്ലാത്തതിനാലും കടമുറികളുടെ താക്കോൽ കൈമാറാത്തതിനാലും കഴിയുമായിരുന്നില്ല. ” എന്ന മറുപടി ലഭ്യമാക്കിയിരുന്നു. ഭാവിയിൽ ബൈലോയിലെ വ്യവസ്ഥകൾ നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്,

3) ലൈസൻസ് കാലാവധിക്കു മുമ്പ് ഒഴിഞ്ഞ കടമുറികളുടെ ചുമരുകൾക്കോ, എടുപ്പിനോ, ഇലക്ട്രിക്കൽ സാമഗ്രഹികൾക്കോ കേടുപാടുകൾ വന്നിട്ടില്ലെന്ന് അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാതെയും, വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശികയില്ലെന്ന് ഉറപ്പു വരുത്താതെയുമാണ് ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകിയിരിക്കുന്നത്. ഇത് ക്രമ പ്രകാരമല്ല.

4) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10, ബഹു. പഞ്ചായത്ത് ഡയരക്ടറുടെ 2.6.17 ലെ ഉത്തരവ് നം സി5-22144/17 പ്രകാരം ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളും മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോയിലെ എട്ടാം നിബന്ധന എന്നിവ പ്രകാരം പഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ/സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടിയും, 3% ഭിന്നശേഷി വിഭാഗങ്ങൾക്കും സംവരണം ചെയ്തു നൽകേണ്ടതാണ്. 2018-19 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും, 3% ഭിന്നശേഷി വിഭാഗങ്ങൾക്കും സംവരണം ചെയ്യപ്പെട്ട മുറികളുടെ വിശദാംശങ്ങൾ രജിസ്റ്ററുകളിൽ

ലഭ്യമല്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും,ഭിന്നശേഷി വിഭാഗങ്ങൾക്കും അർഹമായ കടമുറികൾ അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5)കെ.ടി.മുഹമ്മദ് സ്മാരക ഷോപ്പിംഗ് കോംപ്ലക്സിലെ വരാന്തകൾ കയ്യേറി ലൈസൻസികൾ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയരക്ടറുടെ 2.6.17 ലെ ഉത്തരവ് നം സി5-22144/17 പ്രകാരം ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളും മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിൽ സ്വീകരിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി - കുറവ് ഈടാക്കണം

2018-19 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് / അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

| ക്രമ നം | വിശദാംശങ്ങൾ | | റിമാർക്ക്സ് |
|---|---|---|---|
| 1 | ഗീത കെ (പെൻ നം 538373) വി.സി.എം.എൽ.പി.സ്കൂൾ, വല്ലപ്പുഴ) | സസ്പെൻഷനിലാണെന്ന കാരണത്താൽ (2-12-2018 വരെ സേവനത്തിലുണ്ടായിരുന്നു) തൊഴിൽ നികുതി അടവാക്കിയിട്ടില്ല.രണ്ടാം അർധ വർഷത്തിൽ ആകെ വരുമാനം രൂ.339480/- | തൊഴിൽ നികുതി ഇനത്തിൽ നഷ്ടമായ രൂ.1250/- ഈടാക്കണം |
| 2 | കെയർ ഹോസ്പിറ്റൽ | സർക്കാർ ഉത്തരവ് നം. 33/2018/തൊഴിൽ തീയതി 23.4.2018 പ്രകാരം നിലവിൽ വന്ന മിനിമം വേജസ് അനുസരിച്ചുള്ള ശമ്പള നിരക്കുകൾ തൊഴിൽ നികുതി പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. | മിനിമം വേജസ് അനുസരിച്ചുള്ള ശമ്പള നിരക്കുകൾ തൊഴിൽ നികുതി പത്രികയിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണം |
| 3 | അൽ മദീന ഹോസ്പിറ്റൽ | | |
| 4 | SKDI ഓർഫനേജ് ഹയർ സെക്കണ്ടറി സ്കൂൾ | സർക്കാർ ഉത്തരവ് നം. 36/2011/ പൊതു വിദ്യാഭ്യാസം തീയതി 14.2.2011 പ്രകാരം | |

| | | | |
|---|---|---|---|
| | | നിലവിൽ വന്ന മിനിമം വേജ്സ് അനുസരിച്ചുള്ള ശമ്പള നിരക്കുകൾ തൊഴിൽ നികുതി പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. | |

തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നം. 14/31.10.19 കാണുക)

# 1-14 തൊഴിൽ നികുതി വരവ് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കണം

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1)(ii) പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് പഞ്ചായത്ത് പ്രദേശത്തോ, അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ, പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ആളും ആകെ കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് മുതൽ മുടക്കുകളിൽ നിന്നും ആദായം ലഭിക്കുന്ന ആളും ചട്ടങ്ങൾക്ക് വിധേയമായി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനാണ്.എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്ര. നം. | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 12/122C | പാക്കേഴ്സ് ഇന്ത്യ |
| 2 | 12/124 | മാവേലി സ്റ്റോർ ( രണ്ടാം അർദ്ധ വർഷം) |
| 3 | 14/435 | കെ.വി.ടിമ്പർലാന്റ് സോ മിൽ |
| 4 | 14/443 | കെ.വി.സ്റ്റീൽസ് |
| 5 | 14/434 | കെ.വി സ്റ്റീൽലാന്റ് |
| 6 | 14/464 | ദുബായ് ഗോൾഡ് പാലസ് |
| 7 | 6/435E | പ്രവാസി സൂപ്പർ മാർക്കറ്റ് |

| | | |
|---|---|---|
| 8 | 6/277 | ഫാമിലി ബസാര് |
| 9 | 13/529 | സ്റ്റൈലക്സ് ഡെന്റൽ ക്ളിനിക്ക് |
| 10 | 12/94 | മലബാർ ബ്ളൂ മെറ്റൽസ് |
| 11 | 14/316 | അക്ബർ വുഡ് ഇൻഡസ്ട്രീസ് |
| 12 | 14/475, 689a | സിറ്റി ബസാർ |
| 13 | 13/560 | പ്രീമിയർ വുഡ് ഇൻഡസ്ട്രീസ് |
| 14 | 4/267 | മർഹബ ജ്വല്ലേഴ്സ് |
| 15 | 13/477 | വസ്ത്ര മഹൽ |
| 16 | 7/409 | ഉമ്മർ ഫാറൂഖ് സോമിൽ |
| 17 | 3/45 | തറക്കൽപടി ക്ഷീരോൽപാദക സഹകരണ സംഘം |
| 18 | 4/236B | വല്ലപ്പുഴ സ്റ്റീൽസ് |
| 19 | 13/399 | സുധർമ്മ മെഡിക്കൽസ് |
| 20 | 13/401 | വല്ലപ്പുഴ മെഡിക്കൽസ് |
| 21 | 14/632 | വിസ്ഡം സാനിട്ടറി വെയർ |
| 22 | 13/111 | പി.പി.ആർ സോമിൽ |
| 23 | 3/51 | ചെറുക്കോട് വുഡ് ഇൻഡസ്ട്രീസ് |
| 24 | 3/205 | ക്ലാസ്സിക്ക് ഗ്രാനൈറ്റ്സ് |
| 25 | 10/214A | ത്രീസ്റ്റാർ മെറ്റൽ ക്രഷർ |
| 26 | 11 | ഒറ്റപ്പാലം താലൂക്ക് കരിങ്കൽ ക്വാറി ഓപ്പറേറ്റേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ബി) കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന കോൺട്രാക്ടർമാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് |
|---|---|
| 1 | ശ്രീ.എ.പി.അബൂബക്കർ |
| 2 | ശ്രീ.എൻ.കുഞ്ഞിമുഹമ്മദ് |
| 3 | ശ്രീ.യൂസഫ് സിദ്ധിഖ് |
| 4 | ശ്രീ.അബ്ദുൾ സലാം |
| 5 | ശ്രീ.വി.വി.നാരായണൻ നായർ |

| | |
|---|---|
| 6 | ശ്രീ.മോഹൻ ദാസ് |
| 7 | ശ്രീ.റഷീദ്. എൻ |
| 8 | ശ്രീ.കെ.പി.സൈനുദ്ദീൻ |
| 9 | ശ്രീ.മുഹമ്മദ് അലി കെ വി |
| 10 | ശ്രീ.മുഹമ്മദ് റഫീക്ക് |
| 11 | ശ്രീ.സൈതലവി |
| 12 | ശ്രീ.ഷാജി മോൻ |
| 13 | ശ്രീ. അബ്ദുൾ റഹിമാൻ |
| 14 | ശ്രീ.അബ്ദുൾ നാസർ |
| 15 | ശ്രീ.കാജാ ഹുസൈൻ |

മേൽ സൂചിപ്പിച്ച കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയോ, ജീവനക്കാരുടെ തൊഴിൽ നികുതിയോ ഡിമാന്റ് ചെയ്ത് ഈടാക്കിട്ടില്ല. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-15 കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ

സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009 , സർക്കുലർ നം. 66771/ഡി ബി 2/09/ തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012 ) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി , ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ )വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

# 1-16 വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് ഉറപ്പാക്കണം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളും, റേഷൻ കടകളും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം അനുസരിച്ച് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന് കാണുന്നു. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ബാധകമായ എല്ലാ സ്ഥാപനങ്ങൾക്കകും ലൈസൻസ് നൽകേണ്ടതും, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ/വ്യവസായ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-17 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല

2018-19 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന്

ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 250/-രൂപ നിരക്കിൽ ബാരലിന്റെ വില 66500/- കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം.-,തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (as per adequacy) / ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 250/- |
|---|---|---|---|---|
| 1 | 81/19—പുളിമ്പാലം റോഡ് മെറ്റലിംഗ്, ടാറിംഗ്<br>--കുഞ്ഞു മുഹമ്മദ് | 78/7-3-19<br>182717/-<br>47/18-19 | VG-30–708.11 /156<br>=4.54<br>SS1-285.26/182=1.56<br>RS1-92.29/200=.46 | 7X250=1750 |
| 2 | 148/19-ചേരിക്കല്ല്-<br>മാട്ടായ റോഡ് റീച്ച്2<br>റീടാറിംഗ്<br>--മോഹൻദാസ് | 13/21-5-18<br>280000/-<br>4/17-18 | VG-30 –2312.05/156<br>14.82<br>RS1- 219.38/200<br>1.09 | 16X250=4000 |
| 3 | 153/19—അമ്പലക്കുന്ന് റോഡ് മെറ്റലിംഗ്, ടാറിംങ്<br>--അബ്ദുൾ റഹ്മാൻ | 8/21-5-18<br>293244/-<br>68/17-18 | VG-30 –1247.01/156<br>=7.99<br>SS1- 501.60/182<br>2.75<br>RS1-162.28/200=.81 | 12x250=3000 |
| 4 | 155/19—കുണ്ടുകുളം നിസ്കാരപ്പള്ളി-ഭാസ്കരൻ നായർ റോഡ് മെറ്റലിംഗ്, ടാറിംഗ്<br>--കെ.മോഹൻദാസ് | 14/21-5-18<br>280000/-<br>63/17-18 | VG-30 –1512.78/156<br>=9.69<br>SS1- 485.23/182<br>=2.66<br>RS1- 156.98/200<br>=.78 | 13X250=3250 |
| 5 | 158/19—കൊല്ലുതൊടി-പന്തലിങ്ങൽ പടി റോഡ് മെറ്റലിംഗ്, ടാറിംഗ്<br>----കെ.സൈതലവി | 9/21-5-18<br>293868/-<br>60/17-18 | VG-30 –1316.5/156<br>8.43<br>SS1- 530.09/182 | 12X250=3000 |

| | | | | |
|---|---|---|---|---|
| | | | 2.91<br>RS1- 171.50/200<br>0.85 | |
| 6. | 180/19—പഴഞ്ചേരി-പുൽമുഖതൊടി റോഡ് മെറ്റലിംഗ്, ടാറിംഗ്<br>--കെ.സൈതലവി | 17/30-5-18<br>227250/-<br>2/17-18 | VG-30 – 1234.76/156<br>=7.91<br>SS1- 396.05/182<br>=2.17<br>RS1- 128.13/200<br>=.64 | 11X250=2750 |
| 7. | 181/19--കോരനാൽ-ചട്ടമ്പറ്റ റോഡ്<br>മെറ്റലിംഗ്, ടാറിംഗ്<br>---കെ.സൈതലവി | 15/30-5-18<br>304707/-<br>1/17-18 | VG-30 – 1686.86/156=10.81<br>SS1- 541.21/182<br>=2.97<br>RS1- 175.09/200<br>=.87 | 15X250=3750 |
| 8. | 182/19--പഴയ കൃഷി ഭവൻ റോഡ്<br>മെറ്റലിംഗ്, ടാറിംഗ്<br>--കെ.സൈതലവി | 20/30-5-18<br>447370/-<br>52/17-18 | VG-30 – 2414.15/156=15.47<br>SS1- 774.35/182=4.25<br>RS1- 250.52/200=1.25 | 21X250=5250 |
| 9. | 184/19—മേച്ചേരി-കെ.സി. പടി റോഡ് റീ ടാറിംഗ്<br>-കെ.പി.അബ്ദുൾസലാം | 31/31-7-18<br>463570/-<br>7/17-8 | VG-30 – 3956.61/156<br>=25.36<br>RS1- 385.12/200=1.92 | 27X250=6750 |
| 10. | 185/19—പാറത്തൊടി-വെള്ളത്തേടത്തപ്പടി റോഡ് റീ ടാറിംഗ്<br>കെ.പി.സൈനുദ്ദീൻ | 29/10-8-18<br>328257/-<br>67/17-18 | VG-30 – 1261.19/156<br>=8.08<br>RS1- 48.75/200=.24 | 8X250=2000 |
| 11. | 186/19--ചുങ്കപ്പിലാവ് റയിൽവെ ലൈൻറോഡ് ടാറിംഗ്, റീ ടാറിംഗ്<br>--കെ.പി.സൈനുദ്ദീൻ | 32/10-8-18<br>208376/-<br>69/17-18 | SS1- 281.8/182<br>=1.54<br>VG-30-- 942.95/156 | 8X250=2000 |

| | | | | |
|---|---|---|---|---|
| | | | =6.04<br>RS1-98.48/200<br>0.49 | |
| 12 | 187/19—റേഷൻകട-കൊടക്കാടൻപടി റോഡ് മെറ്റലിംഗ്, ടാറിംഗ്<br>--കെ.പി.സൈനുദ്ദീൻ | 34/10-8-18<br>470400/-<br>13/17-18 | VG-30 -1899/156<br>=12.17<br>SS1- 765/182<br>=4.20<br>RS1- 247.5/200<br>=1.23 | 18X250=4500 |
| 13 | 188/19—ചേരിക്കല്ല്-മാട്ടായ റോഡ്<br>റീ ടാറിംഗ്<br>മോഹൻദാസ് | 19/30-5-18<br>330400/-<br>58-17-18 | VG-30 -3053.3/156<br>=19.5<br>RS1- 294.71/200<br>=1.47 | 21X250=5250 |
| 14 | 190/19—സുധസ്റ്റോർ-രാമചന്ദ്രൻ മാസ്റ്റർ റോഡ് മെറ്റലിംഗ്, ടാറിംഗ്<br>--കെ.സൈതലവി | 16/30-5-18<br>280831/-<br>61/17-18 | VG-30 -1513.38/156<br>=9.70<br>SS1- 485.65/182<br>=2.66<br>RS1- 157.12/200<br>=.78 | 13X250=3250 |
| 15 | 191/19—ചീരക്കുഴിപ്പറമ്പ്-വെളിയംകോട് റോഡ് മെറ്റലിംഗ്, ടാറിംഗ്<br>--കെ.സൈതലവി | 18/30-5-18<br>353266/-<br>3/17-18 | VG-30 -1892.1/156<br>=12.12<br>SS1-606.9/182=3.33<br>RS1-196.35/200=.98 | 16x250=4000 |
| 16 | 192/19—ബി.വി.എൽ.പി. സ്കൂൾറോഡ് മെറ്റലിംഗ്,ടാറിംഗ്<br>കെ.മോഹൻദാസ് | 30/10-8-18<br>97434/-<br>55/17-18 | VG-30 -379.37/156<br>=.24<br>SS1- 152.83 /182=.83<br>RS1- 49.44/200<br>.24 | 1X250 =250 |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| 17 | 213/19—യാറം കത്ത്കല്ല് റോഡ് റീടാറിംഗ് & ടൈൽ<br><br>പതിക്കൽ<br><br>കെ.പി.അബദുൾ സലാം | 70/7-3-19<br><br>148935/-<br><br>28/18-19 | VG-30 560.53/156<br><br>=3.59<br><br>RS1-57.375 /200<br><br>.28 | 4X250 =1000 |
| 18 | 221/19—ചുങ്കപ്പിലാവ് നാലുമൂല-റെയിൽവെ ലൈൻ റോഡ് റീടാറിംഗ്<br><br>അബ്ദുൾ റഹ്മാൻ | 66/31-1-19<br><br>300000/-<br><br>32/18-19 | VG-30-2548.5/156<br><br>=16.33<br><br>RS1-<br>236.25/200=1.18 | 17X250=4250 |
| 19 | 226/19—പന്നിയംകുന്ന് റോഡ് സംരക്ഷണം- മെറ്റലിംഗ്, ടാറിംഗ്, റീടാറിങ്ങ്<br><br>ഷാജിമോൻ | 75/7-3-19<br><br>489522/-<br><br>91/17-18 | VG-30 945.92/156<br><br>=6.06<br><br>SS1-<br>523.5/182=2.87<br><br>RS1- 360/200=1.8 | 11X250=2750 |
| 20 | 228/19—വല്ലപ്പുഴ പെട്രോൾ പമ്പ്-സോമിൽ റോഡ് ടാറിംഗ്<br><br>കെ.പി.അബ്ദുൾ സലാം | 25/10-8-18<br><br>289129/-<br><br>14/17-18 | VG-30 –<br>1250.91/156<br><br>=8.01<br><br>SS1-<br>503.92/182=2.76<br><br>RS1-163.03<br>/200=.81 | 12X250=3000 |
| 21 | 252/19—ചുങ്കപ്പിലാവ് റെയിൽവെ ലൈൻ റോഡ് മെററലിംഗ്, ടാറിംഗ്, റീടാറിംഗ്<br><br>കെ.പി.സൈനുദ്ദീൻ | 76861/- | VG-30–<br>=297.51/156=<br><br>1.90<br><br>SS1- 119.85/182=.65<br><br>RS1- 38.77/200=.19 | 3X250 =750 |
| ആകെ തുക | | | | 66500/- |

തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം. 08/28.10.19) ന് മറുപടി ലഭ്യമായില്ല.

# 1-18 കുറ്റിക്കരപാലം പുനർനിർമ്മാണം-പദ്ധതി രൂപീകരണത്തിലെ പാളിച്ചമൂലം ഭാഗികമായി മാത്രം ഉപയോഗപ്രദമായിരിക്കുന്നു

പ്രോജക്റ്റ് നം-84/19

അടങ്കൽ- 2,75,000/-(55000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 45000/-മെയിന്റൻസ് ഗ്രാന്റ് -റോഡ്, 175000/-തനത് ഫണ്ട്)

ഭരണാനുമതി നമ്പർ-2(10)-26-10-2018

സാങ്കേതികാനുമതി നമ്പർ-LSGD/TS/2018-19/122246

എം.ബുക്ക് നം. 68/18-19

കരാറുകാരൻ-അബ്ദുൾ സലാം (എസ്റ്റിമേറ്റ് റേറ്റ്)

കരാർ നം/തിയ്യതി--73/AE/LSGD/vpza/2018-19 dt.14-2-19

വൗ.നം.21801153/28-3-19, ചെക്ക്.നം. 2457941/28-3-19-175000/-

മേൽ പറഞ്ഞ പാലം ഓഡിറ്റ് ടീം സാങ്കേതിക വിദഗ്ധരുടേയും പഞ്ചായത്ത് പ്രസിഡന്റിന്റേയും സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

1. ഇരുകരകളും പാലവുമായി പാർശ്വഭിത്തി കെട്ടി പൊതുവഴിയുമായി ബന്ധിപ്പിച്ചിട്ടില്ല. പൊതുജനങ്ങൾ തന്നെ ഈ ഭാഗം പഴയ പാർശ്വ ഭിത്തിയിലെ കരിങ്കല്ലുകൾ പെറുക്കി പ്രസ്തുതഭാഗങ്ങളിൽ കൂട്ടിയിട്ട് പാലം ഉപയോഗിച്ചു വരുന്നു. പാലത്തിന്റെ പ്രവേശനഭാഗം തന്നെ തടസ്സപ്പെടും വിധം അശാസ്ത്രീയമായി പാലം രൂപകൽപനചെയ്ത് പുനർനിർമ്മിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.16/31.10.19)

2. എം.ബുക്കിലെ ഇനം.2 ആയി (പേജ്2) കാണിച്ചിരിക്കുന്നത് " Demolishing stone rubble masonry manually/by mechanical means including stacking of serviceable material ..... " എന്നാണ്. ആകെ 6 എം.3 വരുന്ന ടി.കരിങ്കല്ലുകൾ പാലത്തിന്റെ ഇരു പാർശ്വങ്ങളിലുമായി ചിതറിക്കിടക്കുന്നു. മറ്റു മരാമത്ത് പ്രവർത്തികൾക്ക് ആയവ ഉപയോഗിക്കാമായിരുന്നു. എന്നാൽ പൊളിച്ചു മാറ്റിയ കല്ലുകൾ പുനരുപയോഗക്ഷമമല്ല എന്ന് അസി.എഞ്ചിനീയർ കാരണങ്ങൾ വിശദമാക്കാതെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. പദ്ധതിയെക്കുറിച്ച് വ്യക്തമായ പഠനം നടത്തുകയും പ്രവൃത്തി പൂർത്തീകരണത്തിന് ആവശ്യമായ മുഴുവൻ ഇനങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.
2. പദ്ധതി മോണിറ്ററിംഗ് കൃത്യമായി നിർവ്വഹിക്കുക.
3. പൊളിച്ചുമാറ്റിയ സാമഗ്രികൾ പുനരുപയോഗക്ഷമമല്ലായെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കേണ്ടതാണ്.

# 1-19 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ഈടാക്കിയ വരുമാനനികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

2018-19 വർഷം മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് അവയുടെ ബില്ലിൽ നിന്ന് വരുമാന നികുതി ഇനത്തിൽ ഈടാക്കിയ തുകയുടെയും ആയത് അടവാക്കിയതിന്റെയും രജിസ്റ്ററോ മറ്റ് വിശദാംശങ്ങളോ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല (ഓഡിറ്റ് അന്വേഷണം നം.16/31-10-19). ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-20 പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും - അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 67 സ്പിൽഓവർ ഉൾപ്പെടെ തൻവർഷം 147 പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 83 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. വകയിരുത്തിയ 3861094/- രൂപയിൽ 21553173/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 55.82% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. തൻ വർഷം കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്ന് 890000/-രൂപ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2018-19 വർഷത്തിൽ ആകെ 1 പ്രാവശ്യം മാത്രമേ കൂടിയിട്ടുള്ളൂ. 2018-19 വർഷത്തിലെ പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണം ചെയ്തത് 27.1.18 ലെ യോഗത്തിൽ ആണ്. തൻവർഷത്തെ മറ്റു യോഗങ്ങളിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ക്രീയാത്മകമായ ചർച്ചകൾ നടത്തിയതായോ മോണിറ്ററിംഗ് നടത്തിയതായോ മിനിറ്റ്സ് പ്രകാരം ഇല്ല.

വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്ക് മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതിനിർവ്വഹണ പുരോഗതി വിലയിരുത്തിക്കാണുന്നുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റേയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. <u>മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്</u>

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. പ്രവൃത്തികളുടെ TS ലഭ്യമായതിന്റെ രേഖ വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പൂർണ്ണമല്ല. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി ചേർത്തിട്ടില്ല.
3. എസ്റ്റിമേറ്റ് റിപ്പോർട്ട് മിക്കവാറും ഫയലുകളിൽ കാണുന്നില്ല
4. എല്ലാ പ്രവത്തികളിലും സെലക്ഷൻ നോട്ടീസ് നൽകിയതായി രേഖയില്ല. നൽകിയതിൽത്തന്നെ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
5. എല്ലാ പ്രവൃത്തികളുടെയും പൂർത്തീകരണ സാക്ഷ്യപത്രം , മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഇല്ല.
6. പ്രൊജക്ടുകളുടെ എസ്റ്റിമേറ്റിൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന ബോർഡ് വെയ്ക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല.
7. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിനായി പഞ്ചായത്തിൽ മെയിന്റനൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.
8. ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.11/2018/ത.സ്വ.ഭ.വ. തിയതി 29.1.2018 നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ്

കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.

9. അസി.എഞ്ചിനീയർ ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ ചർച്ചകൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഉണ്ടാകേണ്ടതാണ്.

# 1-21 മരാമത്ത് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല, ചെലവുതുക തടസ്സത്തിൽവെയ്ക്കുന്നു

2018-19 വർഷത്തെ ഓഡിറ്റിനായി LSGD അസി.എഞ്ചിനീയർ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളിൽ താഴെ പറയുന്നവയുടെ ഫയലുകൾ ഹാജരാക്കുകയുണ്ടായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/28-10-19) /യാതൊരു മറുപടിയും അധികൃതർ നൽകാത്ത സാഹചര്യത്തിൽ ടി. പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുതുക ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു .

| ക്രമ നം | പ്രോജ.നം, പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക | ബിൽനം./ തിയ്യതി |
|---|---|---|---|
| 1 | 169/19—ഭാസ്കരവിലാസം -എ.എൽ.പി സ്കൂൾ റോഡ് റീടാറിംഗ് | 348574/- | 24/10-8-18 |
| 2 | 185/19—പാറത്തൊടി-വെളുത്തേടത്തപ്പടി റോഡ് റീടാറിംഗ് | 328257/- | 29/10-8-18 |
| 3. | 189/19--പാണക്കോട്-പള്ളിപ്പടി റോഡ് റീടാറിംഗ് | 456895/- | 21/30-5-18 |
| 4. | 146/19 കാട്ടീരിക്കുളം SC കുടിവെള്ള പദ്ധതി | 68184/- | 6/21-5-18 |
| 5. | 157/19--ആനക്കോട് പടിഞ്ഞാറേതിൽ കുടിവെള്ള പദ്ധതി | 290186/- | 7/21-5-18 |
| | ആകെ ചെലവഴിച്ച തുക | 14,92,096/- | |

# 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം- കുറഞ്ഞ വില നിരക്ക്

# സ്വീകരിക്കാത്തത് കാരണം- പൊതു ഫണ്ടിന് നഷ്ടം

(1) വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ, പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന വേണ്ടി ലാപ്പ്ടോപ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ടെൻഡറുകളിൽ സർക്കാർ അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡർ സ്വീകരിക്കാത്തത് കാരണം അധിക ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

<u>പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ</u>

പ്രൊജക്ട് നമ്പർ --25/19

പ്രൊജക്ട് അടങ്കൽ --290000 രൂപ

ചെലവ് 289100 രൂപ ( ബിൽ നം. 13/19 തീയ്യതി. 11.3.2019)

